# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ എസ് എ / കെ എൻ ആർ /സി 8 /962/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ / കെ എൻ ആർ /സി 8 /962/2021 തീയ്യതി: 05/10/2021

## കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 27-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 27-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ - ഓഡിറ്റ്ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.വിപിന വത്സരാജ് - അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ് - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജിമ.എ).സി - സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.യു.പി .ശോഭ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പ്രദീപൻ തെക്കേക്കാട്ടിൽ | സെക്രട്ടറി | 01-04-2019 | 05-08-2019 |
| ശ്രീമതി.പ്രമീള.ടി.എം | സെക്രട്ടറി | 06-08-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനീത്.പി.വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.എസ്.രവി പ്രസാദ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 21-11-2019 |
| ഡോ.നിതിൻ.എ.ജി | വെറ്ററിനറി സർജ്ജൻ | 22-11-2019 | 27-01-2020 |
| ഡോ.ആൽവിൻ വ്യാസ്.ജി | വെറ്ററിനറി സർജ്ജൻ | 28-01-2020 | 31-03-2020 |
| ഡോ.ഷെറിജ് ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ( പി എച്ച് സി) | 01-04-2019 | 31-03-2020 |
| ശ്രീ.സുധാകരൻ.സി.പി | ഹെഡ് മാസ്റ്റർ | 01-04-2019 | 04-06-2019 |
| ശ്രീമതി.രതി ചാത്തമ്പള്ളി | ഹെഡ് മാസ്റ്റർ | 06-06-2019 | 31-03-2020 |
| ശ്രീമതി.വിനയ.കെ | വി ഇ ഒ (കണ്ണവം ) | 01-04-2019 | 31-03-2020 |
| ശ്രീമതി.രാജശ്രീ.വി | വി ഇ ഒ (മാനന്തേരി ) | 01-04-2019 | 01-11-2019 |
| ശ്രീ.സാരംഗ്.ടി.എൻ | വി ഇ ഒ (മാനന്തേരി ) | 02-11-2019 | 31-03-2020 |
| ശ്രീമതി.സൂശീല. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 20-07-2019 |
| ശ്രീമതി.രേഷ്മ.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 21-07-2019 | 31-03-2020 |
| ശ്രീ.രാജീവൻ.ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ.പോൾ.എം.ഒ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

05.06.2019 മുതലുള്ള ഹെഡ്മാസ്റ്ററുടെ വിവരം സ്ഥാപനം ഹാജരാക്കിയിട്ടില്ല.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-09-2021) | 1-2 |
| 3 | ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-09-2021) | 1-2-1 |
| 4 | മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-2-2 |
| 5 | ക്യൂ ബിൽ ഇനത്തിലുള്ള തുകബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-09-2021) | 1-2-3 |
| 6 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-09-2021) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-09-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 23-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-09-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Albert Jose (Senior Grade Auditor, On 30-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Rajima A.C (Senior Grade Auditor, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Lathavani (Audit Officer, On 25-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-9 |
| 14 | പൊതുഭരണം<br>Written By: Lathavani (Audit Officer, On 25-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-10 |
| 15 | ഗ്രാമ സഭ<br>Written By: Lathavani (Audit Officer, On 25-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-11 |
| 16 | തൊഴിൽ നികുതി-ട്രേഡേഴ്സ് & ഇൻസ്റ്റിറ്റ്യൂഷൻ കുടിശ്ശിക തുക ഈടാക്കാൻ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Rajima A.C (Senior Grade Auditor, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-12 |
| 17 | പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |

| | | |
|---|---|---|
| | Written By: Rajima A.C (Senior Grade Auditor, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | |
| 18 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Rajima A.C (Senior Grade Auditor, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-14 |
| 19 | എഫ് ടി ഇ & ഒ എസ് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Rajima A.C (Senior Grade Auditor, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-15 |
| 20 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Rajima A.C (Senior Grade Auditor, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-16 |
| 21 | ഐ.കെ.എംന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രമില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-17 |
| 22 | തെരുവ് വിളക്കുകളുടെ പരിപാലനം -നിരീക്ഷണങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-18 |
| 23 | പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1- 19 |
| 24 | പൊതുമരാമത്ത് പ്രവൃത്തികൾ - സ്പിൽ ഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല<br>Written By: Albert Jose (Senior Grade Auditor, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-20 |
| 25 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Albert Jose (Senior Grade Auditor, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-21 |
| 26 | പൊതുമരാമത്ത് പ്രവൃത്തികൾ - പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ<br>Written By: Albert Jose (Senior Grade Auditor, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-22 |
| 27 | ഐ സി ഡി എസ് സൂപ്പർവൈസറുടെ ഓഫീസിന് കമ്പ്യൂട്ടറുംഅനുബന്ധഉപകരണങ്ങളും പ്രിന്ററും- ഉപകരണങ്ങൾ ലഭ്യമായില്ല- ചെലവ് തുക 54,293 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rajima A.C (Senior Grade Auditor, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-23 |
| 28 | സ്ത്രീ ശാക്തീകരണ പഠനകേന്ദ്രം - പദ്ധതി വിഭാവനം ചെയ്ത സ്ത്രീപദവി പഠനം പൂർണ്ണമായില്ല<br>Written By: Rajima A.C (Senior Grade Auditor, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1- 24 |
| 29 | പാലിയേറ്റീവ് പരിചരണം - പണം നൽകി ഒന്നര വർഷമായിട്ടും മരുന്ന് ലഭിച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-25 |
| 30 | സമഗ്ര കാൻസർ സർവ്വെ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-26 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | |
| 31 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം-ഗുണഭോക്തൃരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-27 |
| 32 | SSA- വിശദമായ വിനിയോഗവിവരം ലഭ്യമല്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-28 |
| 33 | അതുല്യം -അക്ഷരലക്ഷം പദ്ധതി:സാക്ഷരതാമിഷൻ രശീതി ലഭ്യമാക്കിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-09-2021) | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: Lathavani (Audit Officer, On 24-08-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: Lathavani (Audit Officer, On 28-08-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: Lathavani (Audit Officer, On 24-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 30-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 24-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

| ബജറ്റ് | | ഭരണ സമിതി തീരുമാനം & തീയതി | പുതുക്കിയ ബജറ്റ് | ഭരണ സമിതി തീരുമാനം & തീയതി |
|---|---|---|---|---|
| മുന്നിരിപ്പ് | 1,59,71,496 | 34/19 Dt.22.2.2019 | 1,85,30,904 | 90/20(1) Dt 24.3.2020 |
| വരവ് | 15,37,57,250 | | 15,68,13,465 | |
| ആകെ | 16,97,28,746 | | 17,53,44,369 | |
| ചെലവ് | 15,28,75,600 | | 15,60,56,576 | |
| നീക്കിയിരിപ്പ് | 1,68,53,146 | | 1,92,87,793 | |

പെർഫോർമൻസ് ബജറ്റ് & ജൻഡർ ബജറ്റ് തയ്യാറാക്കിയിട്ടില്ല. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ സമർപ്പിച്ച നോൺപ്ലാൻ ബജറ്റ് ശുപാർശ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. ബജറ്റ് പ്രൊപ്പോസലുകൾ ആവശ്യപ്പെടുന്നതിലും സമർപ്പിക്കുന്നതിലും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിൽ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല. എന്നാൽ കരട് ബജറ്റ്, അന്തിമ ബജറ്റ് എന്നിവ യഥാസമയം അംഗീകരിച്ചിട്ടുണ്ട്. കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക കമ്മിറ്റി ചേർന്നിട്ടില്ല. ബജറ്റ് അംഗീകരിക്കുന്നതിന് തൊട്ടു മുൻപത്തെ ദിവസം ബജറ്റ് അവതരിപ്പിക്കുന്നതിനായി ഭരണസമിതി യോഗം ചേരുന്നുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 15.06.2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല

1) RP-38ലെ MOOVABLE ASSET-ഫർണ്ണിച്ചർ, ഫിക്സ്ചർ, ഫിറ്റിംഗ്സ്, മുതലായവയിൽ മെഡിക്കൽ ഓഫീസർ-പി എച്ച് സി നടപ്പിലാക്കിയ സ്വാന്തനം പ്രോജക്ടുകളിൽ വാങ്ങിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല .

2) ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക്മാറ്റിയില്ല. B3 ഷെഡ്യൂളിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ മുൻവർഷത്തെ തുക ( 5,58,95,764/-) തന്നെ ആവർത്തിച്ചിരിയ്ക്കുന്നു.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-2-2 മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല

B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന കെ എസ് ഇ ബിയ്ക്ക് മുൻകൂർ നൽകിയ 9,93,761/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഈ വർഷവും ലഭ്യമാക്കിയിട്ടില്ല.

## 1-2-3 ക്യൂ ബിൽ ഇനത്തിലുള്ള തുകബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ക്യൂ ബിൽ ഇനത്തിലുള്ള തുക 70,54,632/- രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-4 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഓഡിറ്റ് റിക്കവറി രജിസ്റ്റർ വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 24383378.75 |
| ഓഡിറ്റ് വർഷത്തെ വരവ് | 44763371.00 |
| ആകെ | 69146749.75 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 45150959.00 |
| നീക്കിയിരിപ്പ് | 23995790.75 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54,293 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂ ബിൽ | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 11454000 | 11454000 | 9488872 | 1646527 | 318601 |
| വികസന ഫണ്ട് (എസ് സി പി) | | 5,96,000 | 5,96,000 | 5,20,893 | 75,000 | 107 |
| വികസന ഫണ്ട് (ടി എസ് പി) | | 2692001 | 2692001 | 1925535 | 239050 | 527416 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 6441000 | 6441000 | 1706701 | 2622838 | 2111461 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | | 3604000 | 3604000 | 1304714 | 200000 | 2099286 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(അൺ ടൈഡ് ഫണ്ട്) | | 8758159 | 8758159 | 3972704 | 22,71,217 | 2514238 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| ശുചിത്വം | 1223249 | 47663 | 1270912 | 90335 | | 1180577 |
| ഐസിഡിഎസ് | 230807 | 762471 | 993278 | 799736 | | 193542 |
| എം പി ഫണ്ട് | 29615 | 1075 | 30690 | - | | 30690 |
| സംസ്ഥാനാവിഷ്കൃത വരവുകൾ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് -100 ദിന തൊഴിൽ ദിനങ്ങൾ | | 687000 | 687000 | 687000 | | 0 |
| ചാലഞ്ച് ഫണ്ട് | | 215600 | 215600 | 215600 | | 0 |
| പെൻസിൽ സമ്മർ ക്യാമ്പ് | | 8475 | 8475 | 8475 | | |
| സ്പെസിഫിക്ക് പർപ്പസ് -വിമുക്തി മുതലായവ | 75000 | | 75000 | 4100 | | 70900 |
| പ്രളയ ദുരിതാശ്വാസ നിധി | 23610 | 28800 | 52410 | 52410 | | 0 |
| സാക്ഷരത | 60980 | 2090 | 63070 | 40127 | | 22943 |
| കേരളോത്സവം | 20000 | 20000 | 40000 | 40000 | | 0 |
| ദുരിതാശ്വാസ നിധി | 12194 | 44205 | 56399 | 25500 | | 30899 |
| ഗുണഭോക്തൃ വിഹിതം | 764 | 291693 | 292457 | | | 48015 |

സ്പെസിഫിക്ക് പർപ്പസ് – വിമുക്തി മുതലായവയിൽ മുന്നിരിപ്പുള്ള 75,000/-ൽ ഏതെല്ലാം ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല .

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. മേൽപറഞ്ഞ ഗ്രാന്റ് വിനിയോഗം തയ്യാറാക്കിയത് പഞ്ചായത്തിലെ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയ പ്രോജക്റ്റുകളുടെ (എണ്ണം) | പൂർത്തിയാക്കിയ പദ്ധതികളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 175 | 65082348 | 108 | 80 | 28 | 67 | 34265301 | 46 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥരുടെ തസ്തിക | അടങ്കൽ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 2932620 | 13 | 2091647 | 11 |
| 2 | വെറ്ററിനറി സർജൻ | 3254320 | 12 | 2612814 | 12 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | 1142447 | 3 | 1069663 | 2 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - കണ്ണവം | 792875 | 6 | 219811 | 5 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- മാനന്തേരി | 16765451 | 13 | 10809873 | 11 |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 3180000 | 6 | 3044882 | 5 |
| 7 | സെക്രട്ടറി | 8347737 | 30 | 5251912 | 19 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 24956640 | 69 | 6671084 | 25 |
| 9 | ഹെഡ് മാസ്റ്റർ | 2096208 | 16 | 1643615 | 12 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 1614050 | 7 | 8,50,000 | 6 |
| | | 65082348 | 175 | 34265301 | 108 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 35,724 | 6,63,769 | 6,99,493 | 4,75,911 | 2,23,582 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | | 3,03,95,702 | 3,03,95,702 | 3,03,95,702 | |
| ആകെ | 35,724 | 3,10,59,471 | 3,10,95,195 | 3,08,71,613 | 2,23,582 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3576600 | 631 |
| വിധവാ പെൻഷൻ | 6376200 | 1046 |
| വാർധക്യകാല പെൻഷൻ | 8191800 | 1476 |
| വികലാംഗ പെൻഷൻ | 1706900 | 299 |
| അവിവാഹിത പെൻഷൻ | 1398600 | 243 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-8-2021 ന് 2.45 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,449/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

2019-20 വർഷം സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം യോഗം ചേർന്നിട്ടില്ല. 4/19, 5/19 മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. യഥാസമയം ഓഫീസ് ഉത്തരവുകളും സമഗ്ര ജോലി വിഭജനവും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് ജനസൗഹൃദമാക്കിയിട്ടുണ്ട്. ഓഫീസിന്റെ സേവന നിലവാരവും, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. കൂടാതെ വിവിധ ഓഡിറ്റ് പരാമർശങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ , മറുപടികൾ എന്നിവ വിലയിരുത്തി ഓഫീസ് പ്രവർത്തനം ക്രമീകരിക്കുന്നതിന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനായി തീരുമാനിക്കുകയും മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ മാത്രമേ ഇൻകുംബൻസി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ വിവരം ചേർത്തിട്ടില്ല. വസ്തു നികുതി ഇ പേയ്മെന്റായി സ്വീകരിക്കുന്നുണ്ട്.

## 1-10 പൊതുഭരണം

2019-20 വർഷം ആസൂത്രണ സമിതി 4 യോഗങ്ങൾ കൂടിയിട്ടുണ്ട്.

| | |
|---|---|
| 12.6.2019 | 2019-20 വാർഷിക പദ്ധതി ഭേദഗതി |
| 20.12.2019 | 2020-21വാർഷിക പദ്ധതി രൂപീകരണം |
| 10.2.2020 | 2020-21കരട് പദ്ധതി തയ്യാറാക്കൽ |
| 15.3.2020 | സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പുതിയ പദ്ധതി ഉൾപ്പെടുത്തി പഴയ പദ്ധതി ഒഴിവാക്കുന്നതിന്. |

14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം 4 മുതൽ 6 വരെ വരെ യോഗങ്ങൾകൂടിയിട്ടുണ്ട്. ചില ദിവസങ്ങളിലെ യോഗത്തിൽ ഹാജർ മാത്രം രേഖപ്പെടുത്തി അജണ്ട നിർദ്ദേശങ്ങൾ രേഖപ്പെടുത്താതെ മിനുട്ട്സ്

അപൂർണ്ണമായി ഒഴിച്ചിട്ടിട്ടുണ്ട്.

വികസന സെമിനാർ - 2019-20 വർഷത്തെ പദ്ധതി ചർച്ചകൾ ചെയ്യുന്നതിനായി 1/12/2018ന് യോഗം ചേർന്നിട്ടുണ്ട്. ഇതിൽ 184 പേർ പങ്കെടുത്തിട്ടുണ്ട്.

സ്റ്റിയറിംഗ് കമ്മിറ്റി 4/19,5/19/,10/19 മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല.
15 വാർഡുകളിലും ജനക്ഷേമം മുൻനിർത്തി ഗ്രാമ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമത കുറവാണെന്നും, സ്വന്തമായി കെട്ടിടമില്ലാത്തതും ഉള്ളതിന് അടിസ്ഥാന സൗകര്യമില്ലാത്തതും പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി പദ്ധതി രേഖയിൽ പരാമർശിച്ചിട്ടുണ്ട്. ഐ എസ് ഒ സർട്ടിഫിക്കേഷൻ (TQS/Q-1163 Up To 30.12.2022) നേടിയിട്ടുണ്ട്.

## 1-11 ഗ്രാമ സഭ

2019-20 വർഷം 3 ഗ്രാമസഭ വീതം കൂടിയിട്ടുണ്ട്. ഇതിനു പുറമേ തൊഴിലുറപ്പ് പദ്ധതിയുടെ ഗ്രാമീണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയും കൂടിയിട്ടുണ്ട്. ആദ്യ ഗ്രാമസഭയിൽ 2018-19 വരവ് ചെലവ് , ഓഡിറ്റ് റിപ്പോർട്ടുകൾ മുതലായവ ചർച്ച ചെയ്തിട്ടുണ്ട്. 22.01.2020ന് കൂടിയ ഗ്രാമസഭയിൽ ദുരന്ത നിവാരണ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ദുരന്ത നിവാരണസേനയിലേയ്ക്ക് സന്നദ്ധരായവരുടെ പേര് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, വിവിധ പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ തുടങ്ങിയവ നടത്തിയിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസ നിധിയിൽ ധനസഹായം കൈപ്പറ്റിയവരുടെ വിവരം ഗ്രാമസഭയിൽ വായിച്ചിട്ടില്ല. ഗ്രാമസഭകളിലെ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്.

## 1-12 തൊഴിൽ നികുതി-ട്രേഡേഴ്സ് & ഇൻസ്റ്റിറ്റ്യൂഷൻ കുടിശ്ശിക തുക ഈടാക്കാൻ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് & ഇൻസ്റ്റിറ്റ്യൂഷൻ ഇനത്തിൽ 27,920/- രൂപ ബാലൻസ് ഉണ്ട്. ആയതിൽ 17,510/- രൂപ മാത്രമേ നാളിതുവരെ പിരിച്ചെടുത്തിട്ടുള്ളൂ. അരിയർ ഡിമാന്റ് രജിസ്ററർ കൃത്യമായി സൂക്ഷിക്കാത്തതിനും തൊഴിൽ നികുതി കുടിശ്ശിക ഈടാക്കാത്തതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7 Dt. 13/8/21) നൽകിയ മറുപടിയിൽ അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെന്നും തൊഴിൽ നികുതി അരിയർ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും ഈടാക്കാൻ ബാക്കിയുള്ള തുക എത്രയും പെട്ടെന്ന് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കൽ രജിസ്റ്റർ പ്രകാരം പരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഡോ.രമിത എൻ നായർ - 2019-20 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി
(നിർമ്മലം ഡെന്റൽ ക്ലിനിക്, ചിറ്റാരിപ്പറമ്പ)

ഡോ. പ്രണവ് സുരേന്ദ്രൻ -2019-20 ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി
(പ്രണവ് കോസ്മോ ഡെന്റൽ ക്ലിനിക്, കണ്ണവം)

കൂടാതെ പാരാമെഡിക്കൽ സ്ഥാപനങ്ങളായ കോസ്മോ മെഡിക്കൽ ലാബ്, നാഷണൽ മെഡിക്കൽ ലാബ്, നിർമ്മലം ഡെന്റൽ ക്ലിനിക്ക് എന്നിവിടങ്ങളിലെ മറ്റ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5 Dt. 13/8/21) ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന വിവിധ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | കള്ള് ഷാപ്പ്, ചിറ്റാരിപ്പറമ്പ് | 2019-20 രണ്ടാം അർദ്ധവർഷം |
| 2 | നവരത്ന കാർട്ടൺസ് | 2019-20 രണ്ടാം അർദ്ധവർഷം |
| 3 | വൺ ടച്ച് ഫുഡ് | 2019-20 ഒന്നം രണ്ടുംഅർദ്ധവർഷം |
| 4 | കള്ള്ഷാപ്പ്, കോയ്യാറ്റിൽ | 2019-20 ഒന്നം രണ്ടും അർദ്ധവർഷം |
| 5 | കള്ള് ഷാപ്പ്, കണ്ണവം | 2019-20 ഒന്നം രണ്ടും അർദ്ധവർഷം |
| 6 | കള്ള് ഷാപ്പ്, മാനന്തേരി | 2019-20 രണ്ടാം അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6 Dt. 13/8/21) ന് നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 എഫ് ടി ഇ & ഒ എസ് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല

ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| സിബു പീറ്റർ | മോഡേൺ ഇൻഡസ്ട്രീസ് | 8 |
| ഇ ബാലൻ | ലാൽ വുഡ്ഇൻഡസ്ട്രീസ് | 5 |
| എം കെ സുലേഖ | ഷംസി വുഡ് ഇൻസ്ട്രീസ് | 9 |
| വി പി പ്രഭാകരൻ | ഹോളി ഗ്രാനൈറ്റ്&ബ്രിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 9 |
| എം എം തോമസ് | സെന്റ് തോമസ് വുഡ് ഇൻസ്ട്രീസ് | 9 |
| മാനേജിങ്ങ് ഡയറക്ടർ, NTL ഫെർട്ടിലൈസേഴ്സ് | NTL ഫെർട്ടിലൈസേഴ്സ് | 5 |
| സജി അഗസ്റ്റിൻ | എ ആർ എസ് ഫാഷൻസ് | 24 |
| ആരിഫ എ പി | സുൽത്താൻ വുഡ് ഇൻഡസ്ട്രീസ് , കൊന്നോറ | 8 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വരുമാനം സംബന്ധിച്ച റിട്ടേൺ വാങ്ങിക്കാതിരുന്നതിനും തൊഴിൽ നികുതി ഈടാക്കാത്തതിനും മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/19-20 Dt 13/8/2020) മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റിട്ടേൺ സഹിതം കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2019-20 വർഷം ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ എഫ് ടി ഇ & ഒ എസ് ചട്ടങ്ങൾ പ്രകാരം ലൈസൻസെടുക്കാതെ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ

2. ചിറ്റാരിപ്പറമ്പ്, മാനന്തേരി, തൊടീക്കളം, കൊയ്യാറ്റിൽ എന്നിവിടങ്ങളിലെ കള്ള് ഷാപ്പുകൾ.

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും 2019-20 വർഷവും മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21 Dt. 26/08/21) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ 2020-21 വർഷം മുതൽ റേഷൻ കടകൾ ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നത് എന്നും കള്ള് ഷാപ്പുകൾക്ക് ലൈസൻസ് എടുക്കുന്നതിന് വേണ്ടി നോട്ടീസ് നൽകിയിരുന്നു എന്നും കോവിഡ്

പ്രതിസന്ധി കാരണം തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല എന്നും മുഴവൻ കള്ള് ഷാപ്പുകളും ലൈസൻസോടു കൂടി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 ഐ.കെ.എം.ന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രമില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 1/20<br>ഐ.കെ.എം.ന് വിഹിതം നൽകൽ |
| അടങ്കൽ | 58,745 |
| ചെലവ് | ₹ 58,745<br>BRN 19220452011300824939/15-11-19 |

മുകളിൽ കൊടുത്തത് പ്രകാരം ഐ.കെ.എം.ന് കൈമാറിയ ₹58,745ടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്കുകളുടെ പരിപാലനം -നിരീക്ഷണങ്ങൾ

കൂത്തുപറമ്പ് ഇലക്ട്രിക്കൽ സെക്ഷന്റെയും കോളയാട് ഇലക്ട്രിക്കൽ സെക്ഷന്റെയും പരിധിയിലുൾപ്പെട്ടതാണ് ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ. കൂത്തുപറമ്പ് സെക്ഷൻ പരിധിയിലുൾപ്പെട്ട മുഴവൻ തെരുവ് വിളക്കുകൾക്കും നിലവിൽ മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോളയാട് സെക്ഷനിലെ മുഴവൻ വിളക്കുകളുടെയും മീറ്റർ സ്ഥാപിക്കൽ പ്രവർത്തനം പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണവും തരവും സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തും കെ.എസ്.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി അവയുടെ എണ്ണവും തരവും തിട്ടപ്പെടുത്തിയിട്ടില്ല. ആയതിൽ കൃത്യതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിനായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ പൂർണ്ണമായ സ്റ്റോക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1- 19 പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയിട്ടില്ല

2019-20 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട് | കരാർ തിയ്യതി | എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | എം. ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | വൈകിയ കാലയളവ് | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1. | 154/19-20 പറമ്പ ക്കാവ് അങ്കണ വാടി അറ്റ കുറ്റ പണി | 06.03.2018 | 3 മാസം | 05-06-2018 | 26.09.18 | 3 മാസം 20 ദിവസം | 399878 | 06.06.2018 മുതൽ 05.09.2018 വരെ - 399878 X 1% = രൂ. 3998<br>(30 ദിവസ ത്തേക്ക് 1% നിരക്ക്)<br>06.09.2018 മുതൽ 26.09.2018 വരെ(20 ദിവസം ) - 399878 X 20/90 = രൂ. 1777<br>(2% നിരക്ക്)<br>ആകെ =5775 | കെ വിനോദ് |
| 2. | 155/19-20 എയ്ഡഡ് പ്രൈ മറി സ്കൂള കളിൽ ഷീ ടോ യ്ലറ്റ് നിർ മ്മാണം | 16.12.2017 | 3 മാസം | 15.03.2018 | 26.10.2018 | 7 മാസം 11 ദിവസം | 600000 | 16.03.2018 മുതൽ 15.06.2018 വരെ - 600000 X 1% = രൂ. 6000<br>(1% നിരക്ക്)<br>16.06.2018 മുതൽ 15.09.2018 വരെ - 600000 X2 % = രൂ. 12000<br>(2% നിരക്ക്)<br>16.09.2018 മുതൽ 26.10.2018 വരെ (20 ദിവസം) - 600000 X 40/90 = രൂ. 5333<br>(2% നിരക്ക്)<br>ആകെ = 23333 | കെ ടി വിനോദ് |
| 3 | 167/19-20 സത്രം വണ്ണാ ത്തി മൂല വലിയ വെളിച്ചം റോഡ് | 09-03-2018 | 3 മാസം | 08-06-2018 | 14.09.2018 | 3 മാസം 6 ദിവസം | 399133 | 09-06-2018 മുതൽ 08.09.2018 വരെ - 399133 X 1% = 3991/- രൂ.<br>(1% നിരക്ക്)<br>09-09-2018 മുതൽ | ആർ കെ സുകു മാരൻ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഡ്രെയി നേജ് & പാച്ച് വർക്ക് | | | | | | | 14.09.2018 വരെ (6ദിവസം) - 399133 X 6/90 = 532/- രൂ. (2% നിരക്ക്) ആകെ =4523 | |
| | | | | | | | ആകെ | 33631 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10 തീയതി 17.08.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. തുക കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 പൊതുമരാമത്ത് പ്രവൃത്തികൾ - സ്പിൽ ഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല

ചുവടെ ചേർക്കുന്ന 10 പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കാത്തതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | അടങ്കൽ (രൂ.) |
|---|---|---|---|
| 1 | 161/19-20 | ഞാലിൽ അത്തോളിമ്മൽ റോഡ് ടാറിംഗ് | 105270 |
| 2 | 162/2019-20 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിന് കെട്ടിട നിർമ്മാണം | 403474 |
| 3 | 163/2019-20 | ശ്മശാനം അനുബന്ധ പ്രവർത്തനങ്ങൾ | 116843 |
| 4 | 164/2019-20 | അങ്കണവാടികൾക്ക് പെയിന്റിങ്ങും അറ്റകുറ്റ പണിയും | 500000 |
| 5 | 165/2019-20 | ഇരട്ടക്കുളങ്ങര അങ്കണവാടി പുതുക്കി പണിയൽ | 592000 |
| 6 | 166/2019-20 | ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം | 1004400 |
| 7 | 168/2019-20 | സ്കൂളുകൾക്ക് ടോയ്‌ലറ്റ് | 27000 |
| 8 | 169/2019-20 | മോടോളി തൊടീക്കളം അമ്പലം റോഡ് ടാറിങ് | 700000 |
| 9 | 170/2019-20 | കിഴവക്കൽ ഒത്തിയൊട്ടു റോഡ് ടാറിംഗ് | 630000 |
| 10 | 172/2019-20 | കൃഷി ഭവൻ, VEO ഓഫീസ് കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ നിർമ്മാണം | 200000 |
| | | ആകെ | 4278987 |

2019-20 വർഷത്തെ അകെ 69 പൊതുമരാമത്ത് പദ്ധതികളിൽ 20 എണ്ണവും സ്പിൽ ഓവർ പദ്ധതികളായിരുന്നു. മുൻ വർഷങ്ങളിൽ ഏക വർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്ത പദ്ധതികളിൽ 10 പദ്ധതികൾ നിർവ്വഹണത്തിനായി ഒരു അധിക വർഷം ലഭിച്ചിട്ടും നിർവ്വഹണം നടത്തുന്നതിന് സാധിച്ചിട്ടില്ല. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ 4278987/- രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾക്ക് ഭരണ-സാങ്കേതിക അനുമതികൾ മുൻകൂറായി ലഭിച്ചിരുന്ന സാഹചര്യത്തിലും പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തി നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി

പ്രവർത്തനങ്ങളിൽ ഇടപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിലുള്ള പങ്ക് വഹിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായതിനാൽ നടപ്പ് വർഷം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ പദ്ധതിയും അടങ്കൽ തുകയും നഷ്ടപ്പെടുന്ന സാഹചര്യം മുൻനിർത്തി മുൻഗണനാ ക്രമത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികളുണ്ടായില്ല. മേൽ പദ്ധതികൾ പൂർത്തിയാക്കാത്തതിനാൽ തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 4278987/- രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാലാണ് തൻവർഷം പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ വന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

തൻവർഷം ടെണ്ടർ ചെയ്ത 43 പ്രവൃത്തികളിൽ 39 എണ്ണം ടെണ്ടർ പ്രവൃത്തികളും ബാക്കിയുള്ളവ (8എണ്ണം) ഇ ടെണ്ടർ പ്രവൃത്തികളും ആയിരുന്നു. രണ്ട് കരാറുകാർ മാത്രമാണ് മിക്കവാറും ടെണ്ടർ പ്രവൃത്തികളിലും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികൾ - പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ

1) പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

2) പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.

3) ആസ്തി സംരക്ഷണ പദ്ധതി/വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്ട് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-23 ഐ സി ഡി എസ് സൂപ്പർവൈസറുടെ ഓഫീസിന് കമ്പ്യൂട്ടറുംഅനുബന്ധഉപകരണങ്ങളും പ്രിന്ററും- ഉപകരണങ്ങൾ ലഭ്യമായില്ല- ചെലവ് തുക 54,293 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ ,പേര് | 195/20 - ഐ സി ഡി എസ് സൂപ്പർവൈസറുടെ ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പ്രിന്ററും |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 55,000/- |
| ബിൽ നമ്പർ, തീയതി, തുക | 5/19-20 Dt. 16/12/19- 54,293/- രൂപ |

മേൽ പദ്ധതി പ്രകാരം ഐ സി ഡി എസ് സൂപ്പർവൈസറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും (39,442/- രൂപ) മൾട്ടി ഫങ്ഷൻ പ്രിന്ററും (14,851/- രൂപ) വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് 54,293/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി സപ്ലൈ ഓർഡർ നൽകുകയോ

തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/19-20 തീയതി) നൽകിയ മറുപടിയിൽ തുടർച്ചയായുണ്ടായ ലോക്ഡൗൺ കാരണവും നിർവ്വഹണ ഉദ്യോഗസ്ഥൻ 31-5-2020 ന് സർവ്വീസിൽ നിന്ന് വിരമിച്ച കാരണവും തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നും കമ്പ്യൂട്ടർ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറും മൾട്ടിഫങ്ഷൻ പ്രിന്ററും ലഭ്യമാകുന്നത് വരെ ചെലവ് തുക 54,293/- തടസ്സപ്പെടുത്തുന്നു.

## 1- 24 സ്ത്രീ ശാക്തീകരണ പഠനകേന്ദ്രം - പദ്ധതി വിഭാവനം ചെയ്ത സ്ത്രീപദവി പഠനം പൂർണ്ണമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ ,പേര് | 187/20 - സ്ത്രീശാക്തീകരണ പഠനകേന്ദ്രം, ചിറ്റാരിപ്പറമ്പ് |
| അടങ്കൽ | തനത് ഫണ്ട് - 1,00,000/- |
| ചെക്ക് നമ്പർ, തീയതി, തുക | 5540634 Dt. 27/3/2020 -20424/- രൂപ<br>1308528 Dt. 6/2/2020 -15000/- രൂപ<br>5540607 Dt. 3/3/2020 -15000/- രൂപ<br>5540633 Dt. 27/3/2020 -15000/- രൂപ |
| ആകെ ചെലവ് | 65424/- രൂപ |

പ്രാദേശിക വികസനം സ്ത്രീ സൗഹൃദമാക്കാൻ വേണ്ടി സ്ത്രീകൾക്ക് മാത്രമായി ജെന്റർ റിസോഴ്സ് സെന്റർ സ്ഥാപിക്കുക, അതിനാവശ്യമായ സ്റ്റേഷനറി വാങ്ങുക ,പഞ്ചായത്തിലെ സ്ത്രീപദവി പഠനം നടത്തുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിങ്ങ് നൽകുക, ജാഗ്രത സമിതി ശക്തിപ്പെടുത്തുക എന്നിവ ആണ് മേൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ. അതനുസരിച്ച് ജെന്റർ റിസോഴ്സ് സെന്ററിൽ നിയമിച്ച കൗൺസിലറുടെ മൂന്ന് മാസത്തെ വേതനമിനത്തിൽ 45000/- രൂപയും സ്ത്രീ പദവി പഠനത്തിന്റെ ഭാഗമായി സർവ്വേ നടത്തിയ പ്രകാരം ഫോറം ഒന്നിന് 5/- രൂപ ഇനത്തിൽ 5265/- രൂപയും സർവ്വേക്ക് വേണ്ടി ഫോറം പ്രിന്റിങ്ങ്, മറ്റ് സ്റ്റേഷനറി സാധനങ്ങൾ എന്നിവയുടെ ചെലവിനത്തിൽ 15159/- രൂപയും ആണ് ആകെ ചെലവഴിച്ചത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ വനിത വികസനം, ജെന്റർ റിസോഴ്സ് സെന്റർ എന്ന ഭാഗത്ത് സ്ത്രീ പദവി പഠനം പൂർത്തിയാക്കാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അത് പൂർത്തിയാക്കാനും പൂർത്തിയാക്കിയവയിൽ അത് കാലാനുസൃതമാക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ സ്ത്രീ പദവി സംബന്ധിച്ച് തയ്യാറാക്കിയ പഠന റിപ്പോർട്ട്, പദ്ധതി മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20 തീയതി 24/8/21) നൽകിയ മറുപടിയിൽ സ്ത്രീ പദവി പഠനം നടത്തുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പഞ്ചായത്തിലെ നാല് വാർഡുകളിൽ 4,13,14,15 വാർഡുകളിൽ മാത്രമേ സർവ്വേ നടന്നുള്ളൂ എന്നും ഇതിനിടയിൽ ലോക്ക്ഡൗൺ കാരണം 2000 ഫോറങ്ങൾ സർവ്വേക്ക് വേണ്ടി തയ്യാറാക്കിയതിൽ 1053 ഫോറങ്ങൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്നും, അടുത്ത ഘട്ടം മുഴുവൻ വീടുകളും ഉൾപ്പെടുത്താനുമാണ് ഉദ്ദേശിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. 2020-21 വർഷം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. സ്ത്രീ പദവി സംബന്ധിച്ച പഠനം പൂർത്തിയാക്കാനും പഠന റിപ്പോർട്ട് തയ്യാറാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 പാലിയേറ്റീവ് പരിചരണം - പണം നൽകി ഒന്നര വർഷമായിട്ടും മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| പ്രൊജക്ട് നം / പേര് | പാലിയേറ്റീവ് പരിചരണം 95/20 |
| അടങ്കൽ | 6,42,447/- വികസന ഫണ്ട് (ജനറൽ) |
| | 2,00,000/- (ജില്ലാപഞ്ചായത്ത്) |
| | 2,00,000/- (ബ്ലോക്ക് പഞ്ചായത്ത്) |
| | 10,42,447/- |

| | |
|---|---|
| ആകെ | |
| ചെലവ് | 6,42,447/- വികസന ഫണ്ട് (ജനറൽ) |
| | 2,00,000/- (ജില്ലാപഞ്ചായത്ത്) |
| | 1,77,346/- (ബ്ലോക്ക് പഞ്ചായത്ത്) |
| ആകെ | 10,19,793/- |

പാലിയേറ്റീവ് പരിചരണം പദ്ധതിയിൽ ചെക്ക് നം. 2277837/29.1.20 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ – തൈക്കാട് സ്ഥാപനത്തിന് 1,06,824/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകളും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കാത്തതിനാൽ ഇവ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/19-20 തീയതി 10.8.2021) തുക 4.2.2020ന് കൈമാറിയിട്ടുണ്ടെന്നും ,തുക കൈമാറിയ വിവരം കെ എം സി എല്ലിലേയ്ക്ക് ഇ മെയിൽ മുഖാന്തിരം അറിയിച്ചിട്ടുണ്ടെന്നും, എന്നാൽ പ്രസ്തുത മെയിൽ അവരുടെ ശ്രദ്ധയിൽപെടാത്തതു കാരണം 1,06,824/- രൂപയുടെ മരുന്ന ലഭ്യമായിട്ടില്ല എന്നാണ് മറുപടി നൽകിയത്. പണം നൽകി ഒന്നര വർഷമായിട്ടും മരുന്ന് ലഭ്യമാകാത്തത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

മരുന്ന ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 സമഗ്ര കാൻസർ സർവ്വെ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| പ്രോജക്ട് നം / പേര് | സമഗ്ര ക്യാൻസർ സർവ്വെ -111/20 |
| അടങ്കൽ | 50,000/- തനത് ഫണ്ട് |
| ചെലവ് | 49,890/- |
| ചെക്ക് നം. | 5540622 Dt. 18.3.2020 |

സമഗ്ര ക്യാൻസർ സർവ്വെ പദ്ധതിയിൽ, വളണ്ടിയർമാർക്ക് പരിശീലനം നൽകുന്നതിനും സർവ്വെ നടത്തുന്നതിനായി 49,890/- ചെലവഴിച്ചിട്ടുണ്ട്. വളണ്ടിയർ പരിശീലനം 12.12.2019ന് മലബാർ ക്യാൻസർ സെന്റർ മുഖേന നടത്തിയിട്ടുണ്ട്. ഒരു വീടൊന്നിന് 5/- രൂപ വച്ച് സർവ്വെയും നടത്തിയിട്ടുണ്ട്. സർവ്വെ റിപ്പോർട്ട് പ്രകാരം മിക്ക വ്യക്തികളും ആവശ്യപ്പെട്ടത് വർഷത്തിലൊരിക്കലെങ്കിലും രോഗ നിർണ്ണയ ക്യാമ്പ് നടത്തണമെന്നാണ്. കൂടാതെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 2020-21 പദ്ധതി രൂപീകരണ യോഗത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നം-2 തീയതി 3.1.2020). എന്നാൽ 2020-21 വർഷം ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ബോധവൽക്കരണ പരിപാടികൾ, സർവേകൾ, മറ്റ് വിവര ശേഖരണം എന്നിവയ്ക്ക് മാത്രമായി പ്രോജക്ട് അനുവദിക്കാൻ പാടില്ലായെന്നും മറ്റൊരു പ്രോജക്ടിന്റെ അനിവാര്യ ഘടകമാണെങ്കിൽ മാത്രം ഇവ ഏറ്റെടുക്കാവുന്നതാണെന്നും സർക്കാർ ഉത്തരവ് (കൈ)നം11/2018/തസ്വഭവ തീയതി 29.01.2018 ഖ- 7.7.2(3) ൽ പരാമർശിച്ചിട്ടുണ്ട്. ക്യാൻസർ പരിശോധന ക്യാമ്പിന്റ ഭാഗമായി മാത്രമേ ഇത്തരം സർവ്വേകൾ നടത്താൻ പാടുള്ളൂ. കോവിഡ് മഹാമാരി സാഹചര്യം നിലനിൽക്കുന്നതിനാലാണ് ക്യാമ്പ് നടത്താതെന്നും, വ്യാപനത്തിന്റെ തോത് കുറയുന്ന മുറയ്ക്ക് അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-2/19-20 തീയതി- 11.8.2021) മറുപടി നൽകിയിട്ടുണ്ട്. രോഗം പ്രാരംഭ ദശയിൽ തന്നെ നിർണ്ണയിക്കുന്നതിന് സഹായകരമായ ക്യാമ്പുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-27 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം-ഗുണഭോക്തൃരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 108/20<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം |
| അടങ്കൽ | ₹ 400000 വികസന ഫണ്ട് |

| | |
|---|---|
| ആകെ | ₹200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 318500 ജില്ലാ പഞ്ചായത്ത് വിഹിതം<br>918500 |
| ചെലവ് | ₹190200 വികസന ഫണ്ട്<br>BRN19220452011600772517/04-11-19<br>₹209800 വികസന ഫണ്ട്<br>BRN19220452011601154958/27-01-20<br>₹200000 ജില്ലാ പഞ്ചായത്ത് വിഹിതം<br>BRN19220452011601154977/27-01-20<br>₹ 79800 ജില്ലാ പഞ്ചായത്ത് വിഹിതം<br>BRN19220452011601562520/20-03-20<br>₹200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ചെക്ക് നമ്പർ 2277836/28-01-20 |
| ആകെ | 879800/- |

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് സ.ഉ(സാധാ) നമ്പർ 2465/2016 തീയ്യതി 17-08-16 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ, ഓരോ വിദ്യാർത്ഥിക്കും അർഹമായ മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ 04-01-20 ന് സെക്രട്ടറിക്ക് സമർപ്പിച്ച കത്തിൽ ₹1,18,500 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് അധികമായി ആവശ്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 17 Dated : 23-08-2021) ₹1,18,500 ൽ ₹79,800 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ടെന്നും ഗുണഭോക്താക്കളിൽ നിന്നും പഠന സാമഗ്രികൾ, ഡ്രസ് എന്നിവ വാങ്ങിയ ബില്ലുകൾ, പഠന യാത്ര പോയ വൗച്ചറുകൾ എന്നിവ ലഭ്യമാകാത്തതിനാൽ ബാക്കിയുള്ള ₹38,700 അനുവദിക്കാൻ കഴിഞ്ഞില്ലെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. കോവിഡ് മഹാമാരിയുടെ പ്രത്യേക പശ്ചാത്തലത്തിൽ ആയത് അനുവദിക്കാൻ കഴിഞ്ഞില്ലെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് ഓരോ വിദ്യാർത്ഥിക്കും അർഹതപ്പെട്ട തുക ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-28 SSA- വിശദമായ വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 4/20 SSA- വിഹിതം നൽകൽ |
| അടങ്കൽ | ₹9,00,000 |
| ചെലവ് | ₹9,00,000<br>BRN 19220452011300362202/19-07-19 |

ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്, 2018-19 കുടിശ്ശികത്തുകയായി ₹4,35,000ഉം 2019-20 വർഷത്തെ വിഹിതമായി ₹11,59,701 ഉം അടക്കം ആകെ ₹ 15,94,701 ഒടുക്കേണ്ടതുണ്ടെന്നാണ് എസ്.എസ്.എ ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ 04-07-19 ലെ എ/എൽ.എസ്.ജി/19/SSK നമ്പർകത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചത്. എന്നാൽ പ്രോജക്റ്റ് 4 പ്രകാരം 900000/- രൂപയാണ് BRN 19220452011300362202/19-07-19 പ്രകാരം SSKക്ക് കൈമാറിയത്. SSKജില്ലാ പ്രോജക്റ്റ് കോ ഓർഡിനേറ്ററുടെ 30-06-20 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം കൈമാറിയ തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിൽ ഏതൊക്കെ ഇനങ്ങൾക്കാണ് വിനിയോഗിച്ചതെന്നുള്ള വിശദമായ ചെലവ് പത്രിക ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് 28-07-20 ലെ 1566/2020 നമ്പർ കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. SSKക്ക് കൈമാറുന്ന തുക ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടി തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ്

വരുത്തേണ്ടതാണ്. SSKയുമായി കൂടിയാലോചിച്ച് ഗ്രാമപഞ്ചായത്തിനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-29 അതുല്യം -അക്ഷരലക്ഷം പദ്ധതി:സാക്ഷരതാമിഷൻ രശീതി ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 130/20<br>അതുല്യം -അക്ഷരലക്ഷം പദ്ധതി |
| അടങ്കൽ | ₹ 50000 തനത് ഫണ്ട് |
| ചെലവ് | ₹12,500<br>ചെക്ക് നമ്പർ 5540627/26-03-2020 |

നാലാം തരം, ഏഴാംതരം, പത്താംതരം തുല്യതാ പഠിതാക്കൾക്ക് കോഴ്സ് ഫീയും പരീക്ഷാഫീസും നൽകുന്നതിന് വേണ്ടി ₹12,500 സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. ഈ തുകയുടെ കൈപ്പറ്റ് രശീതി സാക്ഷരത മിഷൻ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 11.8.2021,12.8.2021 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/962/2021. തീയതി 05.10.2021 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് – 108/20 | 2,00,000 | 0 |
| | 1,50,000 | ഭവന പുനരുദ്ധാരണ ആശ്രയ പൊതു വിഭാഗം – 103/20 | | 1,50,000 |
| | 1,00,000 | ചിറ്റാരിപറമ്പ് കുടിവെള്ള പദ്ധതി – 183/20 | | 1,00,000 |
| | 2,00,000 | പാലിയേറ്റീവ് പരിചരണം – 95/20 | 1,77,346 | 22,654 |
| | 4,50,000 | പാലുത്പാദന ബോണസ്സ് – 76/20 | 4,50,000 | 0 |

| | | | | |
|---|---|---|---|---|
| | 85,000 | പച്ചക്കറികൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി – 102/20 | 85,0000 | |
| | 1,87,000 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി – 98/20 | 1,27,500 | 59,500 |
| | 43,96,477 | ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ – 157/20 | 10,60,000 | 33,36,477 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,00,000 | ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികവർഗ്ഗം – 159/20 | 1,40,000 * | 1,00,000 |
| | 29,530 | പാലുല്പാദന ബോണസ്–76/20 | 29,530 | |
| | 2,00,000 | പാലിയേറ്റീവ് പരിചരണം – 95/20 | 2,00,000 | |
| | 2,79,800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണം – 108/2020 | 2,79,800 | |

* മുന്നിരിപ്പ് ഉൾപ്പെടെയുള്ള ചെലവ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക | ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പറമ്പൂക്കാവ് അങ്കണവാടി – ഹാൻഡ് പമ്പ് ഇൻസ്റ്റാൾ ചെയ്തത് | 21900631 Dt.18.12.2019 | 15,000 | 11,365 | 3,635 (തിരിച്ചടച്ചു) |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ -ഇനം | ലഭിച്ച തുക | ഉത്തരവ് | ഒടുക്കിയ തുക | | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| | | | തുക | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ വായ്പ ) | 1,25,00,000 | സർക്കാർ ഉത്തരവ് (എം എസ്) 2278/18/ | 7,94,118 * | | |
| | | തസ്വഭവ തീയതി 18/08/2018 | 73,530 ** | | |
| ആകെ | | | 8,67,648 | | 1,16,32,352 |

* വികസന ഫണ്ട്-ജനറൽ, ** വികസന ഫണ്ട്-ടിഎസ് പി അലോട്ട്മെന്റിൽ നിന്നും ഈ തുക ഉറവിടത്തിൽ നിന്നും ഈടാക്കുകയാണ് ചെയ്തത്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഷെയർ) സർട്ടിഫിക്കറ്റ് നം. 4462 തീയതി 27.6.2015 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8,687/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ & തീയതി |
|---|---|---|---|---|
| 2016-17 | 3-4 | 3,150 | മെഡിക്കൽ ഓഫീസർ-<br>പി എച്ച് സി | 119030100386/<br>13.05.2019 |
| 2005-06 | 3-1 | 4,626 | ജോസഫൈൻ.കെ.വി,<br>പി ടി എസ്,<br>ചിറ്റാരിപറമ്പ് ഗ്രാമ പഞ്ചായത്ത് | 119030101177/<br>10.07.2019 |
| 2017-18 | 3-10 | 911 | കൺവീനർ,<br>സത്രം, മാറോളിച്ചാൽ റോഡ് വർക്ക്<br>( SGRY) 2005-06 | 119030100430/<br>17.05.2019 |
| | ആകെ | 8,687 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,47,63,371.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,51,50,959.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54,293 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 54,293 | ശ്രീമതി. വി.രേഷ്മ<br>(ഐസിഡിഎസ് സൂപ്പർവൈസർ) |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി. വി.രേഷ്മ,<br>(ഐസിഡി എസ് സൂപ്പർവൈസർ) | വിരമിച്ചു | വി.രേഷ്മ,<br>'ശ്രീലകം',<br>മുടപ്പത്തൂർ. |

## <u>4-11 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09,<br>2009-1<br>2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/785/19 തീ.01.06.19 | 6 |
| 2011-12<br>2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/785/19 തീ.01.06.19 | 1 |
| 2013-14<br>2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/785/19 തീ.01.06.19 | 8 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/785/19 തീ.01.06.19 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/785/19 തീ.01.06.19 | 3 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി8/1244/19 തീ.30-08-19 | 9 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി8/<br>1137/20 തീ.05-01-21 | 8 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Chittariparamba Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24329699.75 |
| Cash | Cash | RP-40(a) | 53679.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1579660.00 |
| 140000000 | Fees & User Charges | RP-4 | 442483.00 |
| 150000000 | Sale & Hire Charges | RP-5 | 76042.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 29210479.00 |
| 171000000 | Interest Earned | RP-9 | 429347.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7910113.00 |
| 350000000 | Other Liabilities | RP-36 | 352112.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8687.00 |
| 311000000 | Earmarked Funds | RP-29 | 40205.00 |
| 340000000 | Deposits Received | RP-34 | 286784.00 |
| 350000000 | Other Liabilities | RP-36 | 213855.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4209969.00 |
| 460000000 | Loans, Advances and Deposits | RP-47 | 3635.00 |
| | Grand total | | 69146749.75 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3127516.00 |
| 220000000 | Administrative Expenses | RP-12 | 730135.00 |
| 230000000 | Operations & Maintenance | RP-13 | 507894.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3911308.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19607462.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 183745.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 807000.00 |
| 255000000 | Maintenance Projects | RP-20 | 2576959.00 |
| | | | |
| 280000000 | Prior Period item | RP-26 | -2363.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 268010.00 |
| 350000000 | Other Liabilities | RP-36 | 5514263.00 |
| | | | |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -4942.00 |
| 311000000 | Earmarked Funds | RP-29 | 25500.00 |
| 340000000 | Deposits Received | RP-34 | 144740.00 |
| 350000000 | Other Liabilities | RP-36 | 1841701.00 |
| 410000000 | Fixed Assets | RP-38 | 4757854.00 |
| 460000000 | Loans, Advances and Deposits | RP-47 | 1153528.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23970410.75 |
| Cash | Cash | RP-40(b) | 25380.00 |
| | Grand Total | | 69146749.75 |

## അനുബന്ധം-3-2
## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Chittariparamba Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5656549.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 74424.00 |
| 140000000 | Fee & User Charges | I-4(b) | 753983.00 |
| 150000000 | Sale & Hire Charges | I-5(b) | 76042.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 87039365.00 |
| 171000000 | Interest Earned | I-8 | 429347.00 |
| 180000000 | Other Income | I-9 | 8691.00 |
| | Total Income | | 94038401.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9548344.00 |
| 220000000 | Administrative Expenses | I-11(b) | 730135.00 |
| 230000000 | Operations & Maintenance | I-12(b) | 507894.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4734461.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 51409326.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 473947.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 183745.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 22057100.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 2576959.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 40038.00 |
| 272000000 | Depreciation | I-17(a) | 7436480.00 |
| | Total Expenditure | | 99699078.00 |
| | Gross Surplus/ Deficit of income over Expenditure | | -5660677.00 |
| 280000000 | Prior Period Item | I-18 | 132282.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -5792959.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

| Chittariparamba Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -22096862.85 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 26899.00 |
| 312000000 | Reserves | B-3 | 55895764.00 |
| | Total Reserve & Surplus | | 33825800.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5538880.00 |
| | Total Grants, Contributions for Specific Purposes | | 5538880.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11632352.00 |
| | Total Loans | | 11632352.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3508002.00 |
| 350000000 | Other Liabilities | B-9 | 1220611.60 |
| | Total Current Liabilities and Provisions | | 4728613.60 |
| | TOTAL LIABILITIES | | 55725645.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 73511410.00 |
| 411000000 | Accumulated Depreciation | B-11 | -44518992.00 |
| 412000000 | Capital Work in Progress | B-11(a) | 495600.00 |
| | Total Fixed Assets | | 29488018.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 204098.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 23995790.75 |
| 460000000 | Loans, Advances and Deposits | B-18 | 2017739.00 |

| | |
|---|---|
| Total Current Assets, Loans and Advances | 26217627.75 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 55725645.75 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.